BONUS TO TRAINING TEACHERS

387. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാന പ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ട്രെ ട്രെ ഡ-ലെ ടെയിനിംഗ് ടീച്ചേഴ്സിനു ബോണസ്സു കൊടുക്കുകയുണ്ടായി ട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ടെയിനിങ്ങ് ടീച്ചേഴ്സിനു ബോണസ്സു കൊടുക്കുവാൻ ട്രൻ ൪൭ ജൂലായി ട്രൻ.ാംനു- ഉത്തരവായിട്ടുണ്ടു.

(ബി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എ. വേലായുധൻ: സാധാരണ കൊല്ലത്തിൽ എത്ര പ്രാവശ്യമായി ട്ടാണു ബോണസ്സു കൊടുക്കാറുള്ളതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബോണസ്സു കൊടുക്കാറില്ലല്ലോ. ഇക്കൊല്ലം പ്രത്യേ കം ഒരു സംഖ്യ കൊടുത്തു എന്നേയുള്ളു.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇൻക്രിമെണ്ടായിട്ടാണോ കൊടുത്തതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻക്രിമെണ്ടൊന്നും ആയിട്ടില്ലാ കൊടുത്തതു. ഒരു സംഖ്യ കൊടുത്തുഎന്ന മാത്രമേയുള്ള. മറ്റു ഗവണ്മെണ്ടുദ്യോഗസ്ഥന്മാക്കു കൊടുത്തതുപോ ലെയാണു ഇവക്കും കൊടുത്തതു.

മിസ്റ്റർ കെ. ഐ. വേലായുധൻ: എല്ലാവക്കും കൊടുത്തു കഴിഞ്ഞ ശേഷമല്ലേ ഇവക്കു കൊടുത്തതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനുശേഷമാണു കൊടുത്തതു.

മിസ്റ്റർ പി. കെ. ഡീവർ: അവക്കു കൊടുത്തതു സ്റ്റൈപ്പണ്ടാണോ, അതോ ശമ്പളമാ ണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശമ്പളമാണു.

മിസ്റ്റർ എം. കെ. വഞ്ചീസ്സു: ഇതു എല്ലാ ഗവണ്മെണ്ടു ഉദ്യോഗസ്ഥന്മാക്കും കൊടുത്തി ട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വു.

MANJANAKAD ROAD—OPENING OF

388. **Mr. M. I. Paul** *(Narakkal)*: Will Government be pleased to state how far the opening of the Manjanakad road at Narakkal has progressed?

Rao Sahib K. Ayyappan *(Minister for Public Works)*:

The land acquisition proceedings are in progress.

M. I. Paul *(Narakkal)*: May I know Sir, whether the alignment has been approved by the Government.

റാവു സാഹിബ്ബു കെ അയ്യപ്പൻ: ഇപ്പോൾ Land acquisition കഴിഞ്ഞിട്ടുണ്ടാകുമെന്നാ ണു തോന്നുന്നതു.

NELLIAMPATHI FARM

389. **Choudhury G. S. Dhara Singh** *(Mattancheri)*: Will Government be pleased to state.—

(*a*) what crops are raised in the vegetable farm in Nelliampathies, this year;
(*b*) what crops have been harvested and how much of each was produced;
(*c*) how does it compare with the amount spent on each?

Mr. C. R. Iyyunni *(Minister for Revenue)*:

(*a*) Potatoes, vegetables, pine-apples, cholam, cow-pea, ragi, field beans, chama, horse-gram, red-gram, sweet potatoes.

(*b*) All crops except pine-apples have been harvested. The produces obtained from each rop are shown in the statement appended. (Appendix III)

(c) Please see the statement appended. (Appendix III)

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. പോൾ: ഇതിൽ ര ഇനത്തിനും ഒന്നുംതന്നെ വരവുണ്ടായില്ലാ യെന്നു പറയുന്നുണ്ട്. ഒന്നും കിട്ടിയില്ലായെന്നാണോ പറയുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വരവുണ്ടായിട്ടില്ലായെന്നു പറഞ്ഞതിൽ, ഒന്നു മധുര നാരങ്ങയാണു്. അതു പരീക്ഷാത്ഥ്മാണു് അവിടെ തുടങ്ങിയതു്. ഒന്നും കിട്ടിയില്ലായെന്നുള്ളതിന്റെ അത്ഥം ഒന്നും ഉണ്ടായില്ലായെന്നാണു്. (ചിരി).

WATER PIPE-LINE TO ERIYAD-AZHIKODE, ETC.

390. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

എറിയാട്-അഴീക്കോടു് എന്നീ വില്ലേജുകളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനു ഗവൺമെണ്ടു് വല്ല പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

റാവുസാഹിബ് കെ. അയ്യപ്പൻ:

ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അവിടെ നല്ലവെള്ളം കൊടുക്കണമോ യെന്നാണോ, ഗവൺമെണ്ടിന്റെ ഉദ്ദേശം?

റാവു സാഹിബ് കെ. അയ്യപ്പൻ: കൊടുക്കണമോ എന്നുള്ള ഉദ്ദേശമില്ല. പക്ഷെ, അതിനേക്കാൾ അത്യാവശ്യമായ സ്ഥലങ്ങളിൽ കൊടുത്തതിനുശേഷം, അവിടത്തെ കാര്യത്തെപ്പറ്റി ആലോചിയ്ക്കാം. വൈപ്പിൻ കരയിലും മറ്റും വെള്ളംകിട്ടാൻ വളരെ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് ഇപ്പോൾ അത്യാവശ്യമായിട്ടുള്ളതു് അവിടത്തെ കാര്യമാണു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വൈയ്പിൻ കരയെപ്പോലെതന്നെ വെള്ളം കിട്ടാൻ വളരെ ബുദ്ധിമുട്ടുള്ള സ്ഥലമാണു് എന്നു ഗവൺമെണ്ടിനറിയാമോ?

റാവു സാഹിബ് കെ. അയ്യപ്പൻ: അവിടെ പൈപ്പു ലയിൻ കൊണ്ടുവരാൻ വളരെ വിഷമമുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വൈപ്പിൻ കരയിലെ പോലെതന്നെ വെള്ളം കിട്ടാൻ തീരെ സൌകര്യമില്ലാത്ത സ്ഥലമാണു് എറിയാടു് എന്നുള്ളതു് ഗവൺമെണ്ടിനറിയാമോ?

റാവു സാഹിബ് കെ. അയ്യപ്പൻ: അവിടെയും വെള്ളത്തിനു വിഷമമുണ്ടെന്നു അറിയാം. പക്ഷേ, ആലുവാ വെള്ളം അങ്ങോട്ടു കൊണ്ടുപോകുന്നതിനു വിഷമമുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ആലുവാ വെള്ളം വേണമെന്നില്ല. ശുദ്ധജലം കുടിക്കാൻ കിട്ടിയാൽമതി.

റാവു സാഹിബ് കെ. അയ്യപ്പൻ: അതിനു് ബോറിങ്ങുചെയ്തു നല്ല വെള്ളം കിട്ടാൻ വഴിയുണ്ടോ എന്നു നോക്കണം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അക്കാര്യത്തിൽ എനിക്കൊന്നു തോന്നുന്നുണ്ടു്. അക്കാര്യത്തിൽ അതിൻവണ്ണം ചെയ്താൽ നന്നായിരിക്കുമെന്നു തോന്നുന്നു. അതായതു്, എറിയാടു് ഒരു കുളമുണ്ടു്. ഇപ്പോൾ മാനാഞ്ചിറയിൽനിന്നു വെള്ളമെടുക്കുന്നതുപോലെ ആ കുളത്തിൽ നിന്നു വെള്ളമെടുത്തു സപ്ലൈ ചെയ്താൽ അവിടെയുള്ളവർക്കു കുറച്ചൊരാശ്വാസമുണ്ടാകും. അങ്ങിനെ ചെയ്യാൻ ദയവുണ്ടാകുമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അഴീക്കോടു പാലത്തിന്റെ പടിഞ്ഞാറെ ഭാഗത്തുകിണറോ, കുളമോ കുഴിച്ചാൽ നല്ലവെള്ളം കിട്ടുകയില്ലേ?

റാവു സാഹിബ് കെ. അയ്യപ്പൻ: ഗവൺമെണ്ടിനു അതിനെപ്പറ്റി നിശ്ചയമില്ല.

LABOUR UNIONS—REGISTRATION OF

391. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലെ ലേബർ യൂണിയനുകൾ രജിസ്ട്രേഷനു് അപേക്ഷിച്ചാൽ അവക്കു് രജിസ്ട്രേഷൻ സർട്ടിഫിക്കറു നൽകാൻ വളരെ താമസം നേരിടുന്നുവെന്നുള്ള വസ്തുത ഗവൺമെണ്ടിനറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

(Please see answer to Question No. 389)

Name of crop	Yield obtained	Expenditure incurred Rs.	A.	P.	Value of yields obtained Rs.	A.	P.
Potatoes	66,781 lbs.	16,970	5	6	10,434	8	6
Cholam	Crop failed	620	11	10	Nil		
Cow-pea	do.	116	6	3	Nil		
Ragi	531 paras	5,440	8	3	1,105	2	6
Field beans	Crop failed	1,055	15	2	Nil		
Chama	86 paras	370	14	1	130	0	0
Horse-gram	60 paras	3,284	1	4	250	0	0
Red gram	Crop failed	92	8	8	Nil		
Sweet potato	4,094 lbs.	92	14	9	167	0	4

APPENDIX IV

(Please see answer to Question No 395)

ക. വിദ്യാഭ്യാസ ഉപദേശകകമ്മിറ്റി.
ഖ. പാഠപുസ്തകക്കമ്മിറ്റി.
ഗ. പബ്ലിക്ക പരീക്ഷാബോർഡ്.
ഘ. സംസ്കൃത കോളേജ് കമ്മിറ്റി.
ങ. ബാലഭോജനനിധി സെൻട്രൽ കമ്മിറ്റി.
ച. നിർവ്വാഹകക്കമ്മിറ്റി.
ഛ. വിദ്യാർത്ഥി ഉപദേശകസമിതി (Students' Advisory Bureau).
ജ. മഹാരാജാസ് കോളേജ് ഉപദേശകക്കമ്മിറ്റി.
ഝ. മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട ഉപദേശകക്കമ്മിറ്റി.

LIBRARY ARCHIVES Kerala Legislative Assembly